# അപരാധികൾ

ബസ്സിറങ്ങി അടുത്ത ഹോട്ടലിലേക്ക് നടന്നു. ഒരു ചായ കുടിക്കുന്നതിനിടയിലാണ് അദ്ദേഹം കയറി വന്നത്. എൻെറ അടുത്ത കൂട്ടുകാരൻ. സംസ്കാരസമ്പന്നൻ. നാട്ടിൽ നല്ല സ്വാധീനവും സുസ്ഥിതിയുമുള്ള കക്ഷി. ഹോട്ടലിൽ കയറി ഭക്ഷണം കഴിക്കുന്ന ശീലക്കാരനായിരുന്നില്ല. എന്നിട്ടും ഇന്നെന്തു പറ്റി?

ഞാൻ അദ്ദേഹത്തെ സ്വീകരിച്ചു അടുത്തിരുത്തി. "ഇതെന്താ? പതിവില്ലാത്ത രീതിയിൽ?"

നിരാശയും അസ്വസ്ഥതയും കലർന്ന സ്വരത്തിൽ അദ്ദേഹം പറഞ്ഞു: "വിധി. അല്ലാതെന്താ? ഭാര്യയുടെ അടുത്തുനിന്ന് ഒരു സമാധാനവും കിട്ടുന്നില്ല. ഹോട്ടലെന്നല്ല സമാധാനം കിട്ടുമെങ്കിൽ എവിടെ പോകാനും ഞാൻ തയാറാണ്."

"എന്തുപറ്റി? അങ്ങനെയായിരുന്നില്ലല്ലോ താങ്കളുടെ കുടുംബജീവിതം?"

ഭാര്യയെ സംബന്ധിച്ച ആവലാതികളുടെ ഭാണ്ഡം അദ്ദേഹം എൻെറ മുമ്പിലേക്കിട്ടു. എല്ലാം കേട്ട ശേഷം ഞാൻ ചോദിച്ചു:

"താങ്കൾ എന്നോട് സ്വന്തം ഭാര്യയെ സംബന്ധിച്ചു ആവലാതി പറഞ്ഞല്ലോ. ഇതുതന്നെയല്ലേ അവൾക്കും പറയാനുണ്ടാകുക? ഒരിക്കൽ പോലും അവളെ സന്തോഷിപ്പിക്കാൻ താങ്കൾക്ക് സാധിച്ചിട്ടില്ല. എന്നാൽ അവളിൽനിന്ന് താങ്കൾ അത് കൊതിക്കുകയും ചെയ്യുന്നു. അങ്ങോട്ട് നല്കാത്ത സാധനം എങ്ങനെയാണ് അവളിൽനിന്ന് തിരിച്ചു കിട്ടുക? അവളെ മാത്രം കുറ്റപ്പെടുത്തി താങ്കൾ വീട്ടിൽനിന്ന് വിട്ടുനില്ക്കുന്നത് വലിയ കുഴപ്പത്തിന് വഴി വെക്കും."

"പിന്നെ ഞാനെന്തു വേണം?"

*****

സ്വസ്ഥമായ കുടുംബജീവിതമാണ് ഏറ്റവും വലിയ സമ്പത്ത്. തന്നെ സന്തോഷിപ്പിക്കുകയും ആശ്വാസം നല്കുകയും ചെയ്യുന്ന ഭാര്യയാണ് ഒരു പുരുഷൻെറ വലിയ സ്വത്ത്. ഭാര്യയോട് നന്നായി പെരുമാറുന്ന പുരുഷനാണ് ഏറ്റവും നല്ലവൻ.

നിസ്സാര കാര്യങ്ങളുടെ പേരിൽ തീർത്താൽ തീരാത്ത പകയും വക്കാണവുമായി നടക്കുന്ന ദമ്പതികളെ കാണാം. അവർ നയിക്കുന്ന ഗാർഹികാന്തരീക്ഷം ഒരിക്കലും സമാധാനം ഉണ്ടാകില്ല. ഗുണവും ദോഷവും രണ്ടു പേരിലും കാണും. പക്ഷേ, അതൊക്കെ നിസ്സാര കാര്യങ്ങളുടെ പേരിൽ അവഗണിച്ചേക്കാം.

സ്ത്രീകൾ ചെറിയ മനസ്സിൻെറ ഉടമകളാണ്. തൻെറ ഭർത്താവിനെ ചുറ്റിപ്പറ്റിയാണ് അവളുടെ പ്രതീക്ഷകൾ മുഴുവൻ. അദ്ദേഹത്തിൻെറ സ്നേഹമാണ് അവളുടെ സൗന്ദര്യത്തിൻെറയും സന്തോഷത്തിൻെറയും നിമിത്തങ്ങൾ. അത് കിട്ടാതിരിക്കുമ്പോഴാണ് അവർ പിണങ്ങുന്നത്. അവളുടെ പിണക്കം കോപത്തെക്കാൾ ശക്തമാണ്. പക്ഷേ, ഭർത്താവിൻെറ സ്നേഹപൂർണമായ തലോടൽ മതി അത് മഞ്ഞുരുകുന്നതുപോലെ കണ്ണീരായി ഉരുകിത്തീരുവാൻ.

കുടുംബം ശിഥിലമാകുന്നതിനും കുട്ടികൾ മോശക്കാരാകുന്നതിനും ഭാര്യയെ പഴിച്ചതുകൊണ്ട് കാര്യമില്ല. പുരുഷനാണ് കുടുംബനാഥൻ. അവിടെ കാര്യങ്ങൾ നിർവഹിക്കേണ്ടത് അവനാണ്. ഭാര്യയുമായി കൂടിയാലോചിച്ചു കാര്യങ്ങൾ ചെയ്യുമ്പോൾ അസ്വസ്ഥതകൾ താനെ ഇല്ലാതെയാകും. കുടുംബകാര്യങ്ങൾക്കായി കുടുംബത്തോടൊപ്പം ഒഴിഞ്ഞിരിക്കാൻ വല്ലപ്പോഴും സമയം കാണണം. അവരുടെ മുമ്പിൽ മനസ്സ് തുറക്കണം.

അനാവശ്യമായി അങ്ങാടികളിൽ ചെന്നിരിക്കുന്നതിനു പകരം കുറച്ചുനേരം അവർക്കും നല്കുക. കുടുംബത്തിൻെറ തമാശകളിൽ പങ്ക് ചേരുക. അതൊന്നുമില്ലാതെ താൻ വിചാരിച്ചതു പോലെ ഭാര്യയും കുട്ടികളും ആകണം എന്നു കരുതുമ്പോഴാണ് കുടുംബശൈഥില്യത്തിലേക്ക് കാര്യങ്ങൾ നീങ്ങുക.

എല്ലാ കുറ്റങ്ങളും ഭാര്യയുടെ തലയിൽ കെട്ടിവെക്കരുത്. ഭർത്താവും ഭാര്യയും മക്കളും വീടിൻെറ പല ഭാഗങ്ങളിലായി ഒതുങ്ങുന്ന, പരസ്പരം അറിയിക്കാനാകാത്ത രഹസ്യങ്ങളുള്ള കുടുംബമായി തൻെറ കുടുംബം മാറാതിരിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കണം. മാറി വരുന്ന ജീവിതശൈലിയിൽ നഷ്ടപ്പെടുന്നതാണ് പരസ്പരം ഒത്തൊരുമിച്ചു കൂടിയിരുന്നുള്ള തമാശപറച്ചിലും കാര്യങ്ങളുടെ കൂടിയാലോചനയും.